**ചരമോപചാരം**

<u>രത്തൻ ടാറ്റയുടെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: ഇന്ത്യയിലെ വ്യാവസായികരംഗത്ത് സാമൂഹ്യ കാഴ്ചപ്പാടിന്റെ പുത്തൻ ഭാഷ്യം രചിച്ച രത്തൻ ടാറ്റ 10-10-2024-ന് അന്തരിച്ചു. 1937-ൽ നവൽ ടാറ്റയുടെയും സൂനി ടാറ്റയുടെയും മകനായി പാഴ്സി സോരാഷ്ട്രീയൻ കുടുംബത്തിൽ മുംബൈയിൽ ആയിരുന്നു രത്തൻ ടാറ്റയുടെ ജനനം. മുംബൈയിൽ തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ന്യൂയോർക്കിൽനിന്നും ഉപരിപഠനം പൂർത്തിയാക്കി, 1991-ൽ ടാറ്റാ ഗ്രൂപ്പിൽ ചുമതല ഏറ്റെടുത്ത മനുഷ്യസ്നേഹിയായ അദ്ദേഹം കാലക്രമത്തിൽ ഇന്ത്യയുടെ വ്യവസായ മേഖലയിലെ തിളങ്ങുന്ന പൊൻതാരകമായി മാറി.

ഇന്ത്യയുടെ വികസന ചരിത്രം ടാറ്റയുടെ സംഭാവന ഇല്ലാതെ അപൂർണ്ണമാണ്. ഒരു രാഷ്ട്രത്തിന്റെ പുരോഗതിയിൽ ഒരു വ്യവസായി കുടുംബം വഹിച്ച ക്രിയാത്മകമായ പങ്ക് ഇന്ത്യയുടെ ചരിത്രത്തിൽ എന്നെന്നും നിലകൊള്ളും. ഭാരതരത്നം ലഭിച്ച ആദ്യ ഇന്ത്യൻ വ്യവസായി ടാറ്റാ കുടുംബത്തിലെ ജെ.ആർ.ഡി ടാറ്റയാണ്. 2021-ൽ രത്തൻ ടാറ്റയ്ക്ക് ഭാരത രത്നം നൽകണം എന്ന കാമ്പയിൻ ശക്തമായപ്പോൾ അത്തരം പ്രചരണങ്ങൾ അവസാനിപ്പിക്കണം എന്ന്

അദ്ദേഹം വിനയപൂർവ്വം അഭ്യർത്ഥിക്കുന്ന കാഴ്ചയാണ് രാജ്യം കണ്ടത്. "ഇന്ത്യക്കാരനായതിൽ അഭിമാനിക്കുന്നു" എന്നും "ഇന്ത്യയുടെ വളർച്ചയ്ക്കും പുരോഗതിക്കും സമൃദ്ധിക്കും മുതൽക്കൂട്ടാകാൻ കഴിഞ്ഞത് സൗഭാഗ്യമായി കരുതുന്നു" എന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. വ്യവസായ രംഗത്ത് നിലയുറപ്പിക്കുകയെന്നാൽ, ലാഭം മാത്രം നേടുക എന്ന എക്കാലത്തെയും രീതിക്ക് വിപരീതമായി രാജ്യത്തിന്റെ വികസനത്തിനായി സ്വന്തം വ്യവസായ സാമ്രാജ്യത്തെ ഉപയോഗിക്കുക വഴി രാജ്യത്തിന്റെ പുരോഗതിക്കായി പ്രയത്നിക്കുക എന്നതായിരുന്നു രത്തൻ ടാറ്റയുടെ കാഴ്ചപ്പാട്. ശാസ്ത്ര-സാങ്കേതികശാസ്ത്രം, ഗവേഷണം, ആരോഗ്യം, സാമൂഹിക-സാമ്പത്തിക ശാസ്ത്രം, സ്പോർട്സ് തുടങ്ങിയ നിരവധി മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ടാറ്റ സ്ഥാപനങ്ങളിലൂടെ രത്തൻ ടാറ്റയ്ക്ക് കഴിഞ്ഞു. സാമൂഹിക കാഴ്ചപ്പാടിന് മുൻതൂക്കം കൊടുക്കുന്ന രീതിയിലാണ് തന്റെ സ്ഥാപനങ്ങളെ രത്തൻ ടാറ്റ പ്രവർത്തിപ്പിച്ചത്. സാധാരണക്കാരന് സ്വന്തമായി ഒരു കാർ എന്ന സ്വപ്നം ടാറ്റാ നാനോ വഴി അദ്ദേഹം സഫലമാക്കിയത് ഇതിന് ഉദാഹരണമാണ്. ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളുടെ തുടക്കം ടാറ്റാ മോട്ടോഴ്സിലൂടെ നടപ്പാക്കുകവഴി ഊർജ്ജ സംരക്ഷണം,

പ്രകൃതിസംരക്ഷണം തുടങ്ങിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലും ടാറ്റാ ഗ്രൂപ്പ് മാതൃകകയായി.

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രവർത്തനങ്ങൾ ലോകത്തുതന്നെ ആദ്യമായി നടപ്പിലാക്കിയ കമ്പനിയും ടാറ്റയാണ്. വരുമാനത്തിന്റെ 60 ശതമാനവും സാമൂഹ്യ നന്മയ്ക്കായി ചെലവഴിക്കുമ്പോൾ അതിന്റെ വാർത്താ പ്രചരണത്തിനോ പ്രശസ്തിക്കോ അദ്ദേഹം ശ്രമിച്ചിരുന്നില്ല

എന്നത് രത്തൻ ടാറ്റയെ വേറിട്ട വ്യക്തിത്വത്തിന് ഉടമയാക്കി. ഇന്ത്യയിലാദ്യമായി ഡേ കെയർ, പ്രസവാവധി, പ്രൊവിഡന്റ് ഫണ്ട് എന്നിവ തന്റെ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കായി ടാറ്റ കമ്പനി നടപ്പിലാക്കി. ഇതിന് ശേഷമാണ് പല സർക്കാരുകളും ഇവിടെ നടപ്പിലാക്കിത്തുടങ്ങിയത്. പരാശ്രയത്വമില്ലാതെ ഒരു ഇന്ത്യയെ കെട്ടിപ്പടുക്കാനായുള്ള ശ്രമങ്ങളിൽ ഒരു വ്യവസായി എന്ന നിലയിൽ സർവതലസ്പർശിയായുള്ള പ്രവർത്തനങ്ങളാണ് തന്റെ സ്ഥാപനങ്ങളിലൂടെ അദ്ദേഹം നടപ്പിലാക്കിയത്. തികഞ്ഞ സോഷ്യലിസ്റ്റ് കാഴ്ചപ്പാടുള്ള രത്തൻ ടാറ്റ മുതലാളിത്ത സമൂഹത്തിന്റെ പണാധിപത്യത്തിന് വഴിപ്പെടാതെ മനുഷ്യത്വം തുളുമ്പുന്ന പ്രവൃത്തികളാൽ മാനവികതയുടെ ആൾരൂപമായി എന്നും നിലകൊണ്ടു. ഇന്ത്യയ്ക്ക് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ

കാലാതിവർത്തിയായി നിലകൊള്ളും എന്നതിൽ സംശയമില്ല. ഇന്ത്യക്ക് എന്നെന്നും അഭിമാനമായി, എക്കാലത്തും അമൂല്യമായ രത്നമായി രത്തൻ ടാറ്റയുടെ ജീവിതവും കർമ്മവും നിലനിൽക്കും. ആ ദീപ്തസ്മരണയ്ക്ക് മുന്നിൽ കേരള നിയമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)